## പതിനാലാം കേരള നിയമസഭ
## പതിമൂന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത
നിയമസഭാ ചോദ്യം നം.3929

12-12-2018 ൽ മറുപടിയ്ക്ക്

### അഗ്നി സുരക്ഷാ സേനയുടെ പ്രവർത്തനം ആധുനികീകരിക്കാനും ശാക്തീകരിക്കാനുമുള്ള നടപടികൾ

| ചോദ്യം | മറുപടി |
|---|---|
| **ശ്രീ.ബി.സത്യൻ**<br>**ശ്രീ.വി.അബ്ദുറഹിമാൻ**<br>**ശ്രീ.കെ.ജെ.മാക്സി**<br>**ശ്രീ.കാരാട്ട് റസാഖ്** | **പിണറായി വിജയൻ**<br>**(മുഖ്യമന്ത്രി)** |
| എ) ബഹുനിലക്കെട്ടിടങ്ങളുടെ എണ്ണത്തിലുണ്ടാകുന്ന വർദ്ധനവും കെട്ടിടങ്ങൾ തിങ്ങി നിർമ്മിക്കുന്നതു കൊണ്ടും തീപിടിത്തവും മറ്റ് അപകടങ്ങളും വർദ്ധിച്ചു വരുന്ന സാഹചര്യത്തിൽ അഗ്നി സുരക്ഷാ സേനയുടെ പ്രവർത്തനം ആധുനികീകരിക്കാനും ശാക്തീകരിക്കാനും സ്വീകരിച്ചിട്ടുള്ള നടപടികൾ അറിയിക്കാമോ; | എ) അഗ്നിശമനരക്ഷാ വകുപ്പിന്റെ നവീകരണത്തിന്റെ ഭാഗമായി ബഹുനില മന്ദിരങ്ങളിലെ രക്ഷാപ്രവർത്തനത്തിന് 28 കോടി രൂപ ഉപയോഗിച്ച് രണ്ട് ടേൺ ടേബിൾ ലാഡറുകൾ ഉൾപ്പെടെ വാഹനങ്ങളും ഉപകരണങ്ങളും വാങ്ങുന്നതിനായുള്ള നടപടികൾ നടന്നു വരുന്നു. |
| ബി) മൺവിളയിലെ ഫാക്ടറിയിലുണ്ടായ തീപിടിത്തം വെളിവാക്കിയതു പോലെ ഫാക്ടറികൾ ഉൾപ്പെടെയുള്ള സ്ഥാപനങ്ങളിൽ അത്യാവശ്യ അഗ്നി സുരക്ഷാ സൗകര്യം പോലും ഏർപ്പെടുത്തിയിട്ടില്ലെന്നതിനാൽ അപകട സാധ്യത കൂടിയതരം കെട്ടിടങ്ങളുടെയെങ്കിലും സുരക്ഷാ പരിശോധന കർശനമാക്കുമോ ;<br><br>സി) വസ്ത്രശാലയുൾപ്പെടെയുള്ള തിരക്കേറിയ വലിയ ഷോപ്പിംഗ് മാളുകൾ കസ്റ്റമേഴ്സിന്റെയും ജീവനക്കാരുടെയും ബാഹുല്യം കൊണ്ട് അപകട സാധ്യത കൂടിയത് ആയതിനാൽ പ്രത്യേക പരിശോധന സംവിധാനവും ഫയർ സേഫ്റ്റി ഓഫീസർമാരെ നിയമിക്കാൻ വേണ്ട നടപടികളും സ്വീകരിക്കാൻ സാധ്യമാകുമോ; വ്യക്തമാക്കുമോ? | ബി) & സി) ഫയർ ഓഡിറ്റ് നടത്തി പരിശോധനയിൽ ശ്രദ്ധയിൽപ്പെടുന്ന അപാകതകൾ പരിഹരിക്കുവാൻ കെട്ടിട ഉടമകൾക്ക് കർശന നിർദ്ദേശം നൽകി വരുന്നു. ഫയർ ഓഡിറ്റിൽ ചിലതരം കെട്ടിടങ്ങളിൽ ഉടമകൾ തന്നെ ഫയർ സേഫ്റ്റി ഓഫീസർമാരെ നിയമിക്കണമെന്ന് National Building Code- ൽ നിഷ്കർഷിച്ചിട്ടുള്ളതാണ്. പ്രസ്തുത നിർദ്ദേശം കൂടി ഉൾപ്പെടുത്തി ഫയർ ഫോഴ്സ് ആക്ട് പരിഷ്കരിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. |

സെക്ഷൻ ഓഫീസർ